# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ - 2312 | | 12.03.2020 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| പട്ടികജാതി വകുപ്പ് നിർമ്മിച്ച് നൽകിയ വീടുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഷാഫി പറമ്പിൽ | | എ.കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകി; അതിനായി എന്ത് തുക ചെലവഴിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മുഖേന 23971 വീടുകൾ അനുവദിച്ചു. അതിൽ 19086 വീടുകൾ പൂർത്തിയായി. ഇതിന് പുറമേ 31.03.2016 -ന് സ്പിൽ ഓവറായി അവശേഷിച്ച 16360 വീടുകളിൽ 9782 വീടുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 928,22,34,355/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>ഇതിനുപുറമെ വകുപ്പിൽ നിന്നുള്ള പദ്ധതി വിഹിതം കൂടി വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയായ ലൈഫ് മിഷൻ മുഖേന അനുവദിച്ച 11456 വീടുകളിൽ 6187 വീടുകളും, പി.എം.എ.വൈ. യിൽ നൽകിയ 5215-ൽ 4817 വീടുകളും പൂർത്തിയായി. |
| (ബി) | 2018-19, 2019-20 വർഷങ്ങളിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര വീടുകൾ നിർമ്മിച്ച് നൽകി; വിശദാംശം നൽകുമോ? | (ബി) | 2018 മുതൽ ലൈഫ് മിഷൻ മുഖേന മാത്രമാണ് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നത്. എന്നാൽ, 2018 വർഷം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 170 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും ആയതിൽ 112 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ